**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** **27-07-2021 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പിന്റെ ലോക്ക്ഡൗൺ കാലത്തെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക വകുപ്പിന്റെ പ്രവർത്തനം കോവിഡ് കാലത്ത്എത്രത്തോളം ഗുണപരമായി നടത്താൻ കഴിഞ്ഞുവെന്ന് വിശദീകരിക്കാമോ; | (എ) | കായിക മേഖലയുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി സംസ്ഥാന വ്യാപകമായി ഒട്ടനവധി പുതിയ ഇൻഡോർ സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്കുകൾ, ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ കോർട്ടുകൾ എന്നിവയുടെ നിർമ്മാണവും നിലവിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണവും കായിക വകുപ്പ് നടപ്പിലാക്കി വരികയാണ്. 2020 മാർച്ച് മാസത്തെ കോവിഡ് 19 മഹാമാരിയുടെ നിയന്ത്രണം മൂലം രാജ്യത്ത് പ്രഖ്യാപിച്ച ലോക്ഡൗൺ കാലഘട്ടത്തിൽ കായിക മേഖലയിൽ അടിസ്ഥാന നിർവ്വഹണ പദ്ധതികൾ താൽക്കാലികമായി നിറുത്തി വച്ചിരുന്നു. ലോക് ഡൗൺ കാലഘട്ടത്തിൽ സർക്കാർ നിർമ്മാണ മേഖലയ്ക്ക് പ്രഖ്യാപിച്ച ഇളവുകളുടെ അടിസ്ഥാനത്തിൽ കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് വിവിധ സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് കായിക താരങ്ങൾക്ക് കായിക പരിശീലനത്തിന് നൽകിയിരുന്നു. കായിക വകുപ്പ് പൂർത്തീകരിച്ച നിരവധി സ്റ്റേഡിയങ്ങൾ, സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവ കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻ്ററായും, കോവിഡ് കെയർ സെൻ്ററുകളായും സർക്കാർ ഏറ്റെടുത്ത് നടത്തി വന്നിരുന്നു. കൂടാതെ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും വാക്സിൻ എന്ന നയം പൂർത്തീകരിക്കുന്നതിലേക്കായി കായിക വകുപ്പിന്റെ നിരവധി ഇൻഡോർ സ്റ്റേഡിയങ്ങളിൽ മാസ് വാക്സിനേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പദ്ധതികളുടെ ഭാഗമായി ഈ ലോക്ക്ഡൗൺ കാലഘട്ടത്തിൽ 21 സ്റ്റേഡിയങ്ങളുടെ വിവിധ ഘട്ടങ്ങളുടെ ഉദ്ഘാടനം ഓൺലൈനായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് കോവിഡ് കാലത്ത് വിക്ടേഴ്സ് |

| | | | |
|---|---|---|---|
| | | | ചാനൽ വഴിയുള്ള അക്കാഡമിക് ക്ലാസ്സുകൾക്ക് പുറമെ ഓരോ കായികപരിശീലകരും ഓൺലൈനായി പരിശീലനം നൽകിയിരുന്നു. 2021-22 അധ്യയനവർഷത്തിലേയ്ക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടാലന്റ് ഹണ്ട് എല്ലാവിധ കോവിഡ് മാനദണ്ഡങ്ങളും പാലിച്ച് 14 ജില്ലകളിലും നടത്തിവരുന്നു. ഈ കോവിഡ് കാലഘട്ടത്തിലും കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് കായികവകുപ്പിന്റെ പ്രവർത്തനം സമൂഹത്തിന് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ലോക്ക്ഡൗൺ കാലത്ത് വീട്ടിലടയ്ക്കപ്പെട്ട ജനതയ്ക്ക് ടി. വി., നവമാധ്യമങ്ങൾ വഴി മാനസികമായ ഉണർവ്വ് ലഭിക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകുവാൻ കായിക വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കായികയുവജനകാര്യാലയത്തിൻ കീഴിൽ യോഗാദിനാചരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് കോവിഡ് കാലത്ത് ഫിറ്റ്നസ് കാത്തുസൂക്ഷിക്കുന്നതിനായി അവയേർനസ് നൽകുന്ന പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. കോവിഡ് 19നോടനുബന്ധിച്ച് കേരള സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക്ഡൗൺ സമയത്തു വീട്ടിലിരുന്നു തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ച് നടപ്പിലാക്കി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ശാരീരിക ക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ